കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നടത്തറ ഗ്രാമപഞ്ചായത്ത്
2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1194/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020
ഫോൺ: 0487 2331249

ഇ-മെയിൽ: dotsr.ksad@kerala.gov.in

തീയതി : 31.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

നടത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നടത്തറ ഗ്രാമപഞ്ചായത്ത് -2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1194/ 2017 തിയ്യതി: 31.07.2017

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 10.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ ഓഡിറ്റിൽ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 19 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് എല്ലാത്തിനുംതന്നെ ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	10.07.17 മുതൽ 15.07.17 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ക്രമ നം.	പേര്	ഉദ്യോഗപ്പേര്
1	ഷീന.കെ.ടി	ഓഡിറ്റ് ഓഫീസർ

2	പ്രശാന്ത്.ടി.ജി	അസി. ഓഡിറ്റ് ഓഫീസർ
3	ജോമോൻ.ഇ.കെ	അസി. ഓഡിറ്റ് ഓഫീസർ
4	ജയൻ.വി.എസ്	ഓഡിറ്റർ

നിർവ്വഹണാധികാരികൾ

	പേര്	കാലയളവ്
പ്രസിഡന്റ്	അഡ്വ.പി.ആർ.രജിത്ത്	01.04.2016-31.3.2017
സെക്രട്ടറി	ജ്യോതിഷ് കുമാർ.കെ.വി	01.04.2016-20.03.2017
	വൽസല.പി (അധിക ചുമതല)	21.03.2017-31.03.2017

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസി. സെക്രട്ടറി	എ.വി അനുപമ	01.04.2016 – 07.09.2016
	മിനി ചന്ദ്.ആർ	08.09.2016 – 28.12.2016
	ഒഴിവ്	29.12.2016 – 09.01.2017
	വൽസല.പി	10.01.2017 – 31.03.2017
അസി എഞ്ചിനീയർ	ഹംസ.പി.ഐ	01.04.2016 – 10.07.2016
	റിജോമോൾ.ഓ.ജെ	11.07.2016 – 31.03.2017
കൃഷി ഓഫീസർ	മഞ്ജൂഷ	01.04.2016 – 31.03.2017
ഐ.സി.ഡി.എസ് സൂപ്പർവൈസർ	സുധർമ്മിണി	01.04.2016 – 31.03.2017
മെഡിക്കൽഓഫീസർ, പി.എച്ച്.സി	ഡോ.അഭിലാഷ് അരവിന്ദാക്ഷൻ	01.04.2016 – 31.03.2017
മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ. പാർവതി സി.എസ്	01.04.2016 - 31.03.2017
മെഡിക്കൽ ഓഫീസർ, ആയുർവേദം	ഡോ.രേണു	01.04.2016 – 31.03.2017
വെറ്ററിനറി സർജൻ	ഡോ.സി.ബി.രഘു	01.04.2016 – 15.12.16FN
	ഡോ.ബിന്ദു ബാലകൃഷ്ണൻ	15.12.16 AN - 31.03.2017
എച്ച്.എം, മൂർക്കനിക്കര, GUPS	പത്മിനി കെ.എസ്	01.04.2016 – 31.03.2017
വി.ഇ.ഒ, നടത്തറ	എലിസബത്ത് ലിസി.ഡി	01.04.2016 – 31.03.2017

വി.ഇ.ഒ, മൂർക്കനിക്കര	എലിസബത്ത് ലിസി.ഡി	01.04.2016 – 31.03.2017
ഡയറി ഫാം ഇൻസ്ട്രക്ടർ	നന്ദിനി.ടി	01.04.2016 – 07.07.2016
	മഹേഷ്.വി.സി	08.07.2016 – 31.03.2017

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	സാമൂഹ്യക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11

ഭാഗം-II

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ഷോപ്പിംഗ് കോംപ്ലക്സ് വാടക – ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	2-1
2	കമ്മ്യൂണിറ്റി ഹാൾ – ക്ലീനിംഗ് ചാർജ്ജ്/വാടക പരിഷ്കരണം എന്നിവയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്	2-2
3	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്	2-3
4	തനത് ഫണ്ടിനായി ഒന്നിൽ കൂടുതൽ അക്കൌണ്ടുകൾ സൂക്ഷിക്കുന്നു	2-4
5	ഡി & ഓ ലൈസൻസ് നൽകിയതിലെ അപാകത-8940/- രൂപയുടെ വരുമാന നഷ്ടം	2-5
6	ഡി & ഓ ലൈസൻസ് ഇനത്തിലെ വരുമാനം വർഷം തോറും കുറയുന്നു.	2-6

ഭാഗം-III

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	മുൻകൂറുകൾ ക്രമീകരിക്കൽ – കുടിശ്ശിക തീർപ്പാക്കണം	3-1
2	വാഹനത്തിന്റെ ഇന്ധന വിനിയോഗം സംബന്ധിച്ച് ലോഗ്ബുക്കിൽ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കണം	3-2
3	പൊതുടാപ്പുകളുടെ എണ്ണത്തിൽ ആവശ്യകതാ പുനർനിർണ്ണയം നടത്തണം	3-3
4	ജൂബിലി മന്ദിരം പ്രവർത്തനക്ഷമമാക്കേണ്ടതാണ്	3-4
5	എസ്.എസ്.എ. അധിക വിഹിതം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്	3-5
6	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.	3-6

7	ഇ-ടെണ്ടർ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.	3-7
8	സഹകരണ ബാങ്കുകളിലൂടെയുള്ള വളം വാങ്ങൽ പദ്ധതി-വില, സബ്സിഡി നിരക്ക് എന്നിവക്ക് ഏകീകൃത സ്വഭാവമില്ല	3-8
9	നാമമാത്ര കർഷകന്റെ ഗണത്തിൽപെടാത്ത വ്യക്തിക്കും വളം സബ്സിഡി അനുവദിച്ചു	3-9
10	പട്ടികവർഗ്ഗക്കാർക്ക് ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് പദ്ധതി-ക്യാമ്പ് നടത്താതെ മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചു	3-10
11	മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ആരോഗ്യ സർവ്വേ നടത്തുന്നതിനായി തുക ചെലവഴിച്ചു	3-11
12	ബഡ്സ് സ്കൂളിന് ഫർണീച്ചർ വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക തിരികെ നൽകേണ്ടതാണ്	3-12

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-7
8	ഓഡിറ്റ് പ്രത്യവലോകനം	4-8
9	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-9
10	അനുബന്ധം-ഓഡിറ്റ് സർട്ടിഫിക്കറ്റ്	

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./ തിയ്യതി	2016-17 ലെ ബജറ്റ് (പുതുക്കിയത്)
15.03.2016 ലെ തീരുമാനം .1/16	16.03.2017 ലെ തീരുമാനം .4

ബജറ്റ് പ്രകാരം ആകെ വരവ് 203869175/-രൂപയും, ആകെ ചെലവ് 179724180/- രൂപയും ആണ്.

1-2 വാർഷിക ധനകാര്യപത്രിക

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2016-17	31.07.2017	22.06.2017

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1) ആസ്തിബാധ്യതകളുടെ കൃത്യമായ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതി ഇനത്തിൽ വാർഷിക കണക്കുപ്രകാരമുള്ള മുൻവർഷ കുടിശ്ശിക തുകയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് തുകയും പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റിന് വിധേയമാക്കിയ വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റീച്ചർ അക്കൌണ്ട്, രസീറ്റ് & പെയ്മെന്റ് അക്കൌണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുൻബാക്കി	11731443
വരവ്	82572454
ആകെ	94303897
ചെലവ്	74264415
നീക്കിബാക്കി	20039482

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ് തുക	ചെലവ് തുക
വികസന ഫണ്ട് (ജനറൽ)	0	9439072	9439072
വികസന ഫണ്ട് (എസ്.സി.പി)	0	2860081	2860081
വികസനഫണ്ട് (ടി.എസ്.പി)	0	469998	469998
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	2941245	2941245
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	2451403	2451403
ധനകാര്യ കമ്മീഷൻ അവാർഡ്	0	2967680	2967680
ലോക ബാങ്ക് സഹായം	0	2606228	2606228

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
200	112	12	76	56

നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് (%)
സെക്രട്ടറി	38	31	8735269	46540426	53.24
അസി.സെക്രട്ടറി	21	12	6657500	2129165	31.98
അസി.എഞ്ചിനീയർ	94	40	33264279	13602859	40.89
വി.ഇ.ഒ	8	6	2622400	1765400	67.32
കൃഷിഓഫീസർ	7	7	3122875	2908380	93.13
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	5	4	685000	437705	63.90
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	3	3	690000	690000	100
മെഡിക്കൽ ഓഫീസർ വെറ്ററിനറി	4	4	1807328	704399	38.97
ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്.	8	8	1884129	1869344	99.22
എെ.സി.ഡി.എസ്. സൂപ്പർവൈസർ	9	6	5125800	4046100	78.94
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	375000	375000	100
മെഡി.ഓഫീസർ ഹോമിയോ	2	2	180000	176705	98.17

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം 35.1% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	%(+)/(-)
നികുതി വരവുകൾ	5926057	7597672	1671615	+28.2
നികുതിയേതര വരവുകൾ	2763307	4141849	1378542	+49.89
ആകെ	8689364	11739521	3050157	+35.1

1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

ക്രമ നം.	പദ്ധതി	2016-17ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ	നിരസിച്ചവ
1	കർഷകത്തൊഴിലാളി പെൻഷൻ	5	5	0
2	തൊഴിൽ രഹിത വേതനം	8	8	4
3	വിധവാ പെൻഷൻ	99	99	9
4	വികലാംഗ പെൻഷൻ	57	57	2
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	15	15	0
6	വാർദ്ധക്യകാല പെൻഷൻ	650	567	164

1-9 കാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 15.07.17-ാം തിയ്യതിയിൽ നടത്തി. 41,453/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

നടത്തറ ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളും, അനുബന്ധരേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി (₹)	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
1	പെർഫോമൻസ് ഓഡിറ്റ്	10.07.2017	05/2017	ലഭിച്ചിട്ടില്ല
2	അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ്	17.12.2014 മുതൽ 31.12.2014 വരെ	2009-10 മുതൽ 2013-14 വരെ	07.04.2015

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക-ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച് നടത്തറ ഗ്രാമപഞ്ചായത്തിന്റെ ബൈലോ, 11/6/2008 ലെ ഉത്തരവ് നമ്പർ സി 5-9811/08 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. ഈ ബൈലോയിലെ 17-ാം നമ്പർ നിബന്ധന പ്രകാരം, ലേലം കൊണ്ടയാൾ മുറിയുടെ

പ്രതിമാസ വാടക അതാതു മാസം 5-ാം തിയതിയ്ക്ക് മുൻപായി പഞ്ചായത്ത് ഓഫീസിൽ അടയ്ക്കേണ്ടതാണ്. വാടക യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തിയതി മുതൽ പണം അടയ്ക്കുന്ന തിയതി ഉൾപ്പെടെയുള്ള കാലത്തേയ്ക്ക് പ്രതിമാസം 2% പിഴപ്പലിശയോട് കൂടി അടയ്ക്കേണ്ടതാണ്. വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ സെക്രട്ടറി, രേഖാമൂലമായ നോട്ടീസുമൂലം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പലിശയോ, പിഴപലിശയോ സഹിതം കൊടുക്കേണ്ട തുക അങ്ങനെയുള്ള നോട്ടീസ് അയച്ച് തുക നൽകുന്നതിന് വീഴ്ചക്കാരനോട് ആവശ്യപ്പെടേണ്ടതും, ആയതിന് വീഴ്ച വരുത്തുന്ന സംഗതിയിൽ അദ്ദേഹം ഉടൻ തന്നെ പരിസരങ്ങൾ അടച്ചിടിക്കേണ്ടതും, പോലീസിന്റെ സഹായത്തോടെയോ, അല്ലാതെയോ അതിന്റെ കൈവശക്കാരനെ അവിടെ നിന്നും ഒഴിവാക്കേണ്ടതുമാകുന്നു.

2016-17 വർഷത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ ലഭിക്കാനുള്ള തുകകൾ ഈടാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 15/14.07.17 ന് സെക്രട്ടറി നല്കിയ മറുപടിയിൽ വനിതാ കൈതൊഴിൽ വികസന കേന്ദ്രത്തിലെ റൂം നം 4 ന്റെ കരാറുകാരൻ ശ്രീമതി. തങ്കമ്മ കൃഷ്ണന്റെ 2016 ഡിസംബർ മുതലുള്ള വാടക മാത്രമാണ് ഈടാക്കാനുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നടത്തറ-പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം. 17, വാടകക്കാരൻ വടക്കേത്തല ജോസഫ് ജോർജ്ജ് എന്നയാൾ നോട്ടീസ് നൽകിയിട്ടും കുടിശ്ശിക അടയ്ക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 കമ്മ്യൂണിറ്റി ഹാൾ-ക്ലീനിംഗ് ചാർജ്/ വാടക പരിഷ്കരണം എന്നിവയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ, കല്യാണം പോലുള്ള പരിപാടികൾക്കായി വാടകയ്ക്ക് നൽകുമ്പോൾ, ക്ലീനിംഗ് ചാർജിനത്തിൽ 500/ രൂപാ ഈടാക്കുന്നുണ്ട്. 2016-17 സാമ്പത്തികവർഷത്തിൽ ഹാൾ വാടകയ്ക്ക് നൽകിയ 28 പേരിൽ നിന്നായി ഈയിനത്തിൽ ഈടാക്കിയത് 14,000/ രൂപയാണ്. എന്നാൽ തൻവർഷം ക്ലീനിംഗ് ചാർജായി നൽകിയിട്ടുള്ളത് 31,750/ രൂപയാണ്. കമ്മ്യൂണിറ്റി ഹാളിന്റെ ഭൗതികസാഹചര്യങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങൾ വരുത്തി വാടകയിനത്തിലും/ക്ലീനിംഗ് ചാർജിനത്തിലും യുക്തിസഹമായ വർദ്ധനവ് വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2-3 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

നടത്തറ ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തെ വാർഷികകണക്ക് പ്രകാരം, ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 12,93,774/ രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈ തുകയിൽ, 1994 മുതലുള്ള വാടകനിക്ഷേപങ്ങൾ, 2008 മുതലുള്ള കമ്മ്യൂണിറ്റി ഹാൾ ഡെപ്പോസിറ്റ്, 2007 മുതലുള്ള ഇ.എം.ഡി, 2008 മുതലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്നു. കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1) പ്രകാരം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ (ഒഴിഞ്ഞുപോയ വാടകക്കാരുടെ നിക്ഷേപങ്ങൾ അടക്കം) തനത്ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

2-4 തനത് ഫണ്ടിനായി ഒന്നിൽ കൂടുതൽ അക്കൌണ്ടുകൾ സൂക്ഷിക്കുന്നു.

സർക്കുലർ നമ്പർ 58725/ എഫ്.എം3 2008/ ത.സ്വ. ഭ.വ /26.5.11, അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ നടത്തറ പഞ്ചായത്തിന്റെ തനത് ഫണ്ട്, പഞ്ചാബ് നാഷണൽ ബാങ്ക് - അക്കൌണ്ട് നം 258800010053761, മൂർക്കനിക്കര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - അക്കൌണ്ട് നം 1787, എന്നിവയിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-5 ഡി & ഓ ലൈസൻസ് നൽകിയതിലെ അപാകത - 8,940/- രൂപയുടെ വരുമാന നഷ്ടം.

1) വാർഡ്/റൂം നം. XVII/538A, മാമ്മൻ മാത്യു, മലയാള മനോരമ കം. ലിമിറ്റഡിന്റെ ഡി & ഓ ലൈസൻസിനുള്ള അപേക്ഷയിൽ 2010 എച്ച്.പി. യന്ത്രങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ 1116 എച്ച്.പി. ക്കുള്ള 11,160/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. 2015-16 വർഷത്തിൽ 2010 എച്ച്.പി.ക്കുള്ള 20,100/- രൂപ രശീതി നമ്പർ 11403111731 പ്രകാരം അടവാക്കിയിരുന്നതുമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 7/13.07.16 നുള്ള മറുപടിയിൽ, മലിനീകരണ നിയന്ത്രണ നിരാക്ഷേപപത്രപ്രകാരമുള്ള 1116 എച്ച്.പി.ക്കാണ് ഫീസ് ഈടാക്കിയത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള മുഴുവൻ യന്ത്രങ്ങളും പ്രവർത്തിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതി ലഭ്യമാക്കേണ്ടതും ആയത് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈയിനത്തിൽ പഞ്ചായത്തിന് നഷ്ടമായ 8940/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2) വാർഡ്/റൂം നം. XI/664, വേണുഗോപാലൻ.പി.കെ, കൊഴുക്കുള്ളി, എന്നയാളുടെ ഡി &ഓ ലൈസൻസ് അപേക്ഷയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കാത്തതിനാൽ ലൈസൻസ് പുതുക്കി നൽകേണ്ടതില്ല എന്ന് JHI രേഖപ്പെടുത്തിയിട്ടും ലൈസൻസ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 7/13.07.16 നുള്ള മറുപടിയിൽ, ടി സ്ഥാപനം 10

വർഷത്തിലധികമായി പഞ്ചായത്തിൽ പ്രവർത്തിക്കുന്നതാണെന്നും നാളിതുവരെ യാതൊരു പരാതികളും ലഭിച്ചിട്ടില്ലാത്തതിനാലാണ് ലൈസൻസ് പുതുക്കി നൽകിയതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡി & ഓ ലൈസൻസ് നൽകുമ്പോൾ മുഴുവൻ രേഖകളും ഉത്തരവാദപ്പെട്ടവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2-6 ഡി & ഓ ലൈസൻസ് ഇനത്തിലെ വരുമാനം വർഷം തോറും കുറയുന്നു.

ഡി & ഓ ലൈസൻസ് തുക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന വരുമാനത്തിന്റെ വളർച്ചാ നിരക്ക് വർഷം തോറും താഴോട്ടാണ് സഞ്ചരിക്കുന്നത്. സ്ഥാപനങ്ങളുടെ എണ്ണത്തിൽ വളർച്ച രേഖപ്പെടുത്തിയ 2016-17 ൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവ് തുകയാണ് വരുമാനം ഉണ്ടായത്. വർഷം തോറുമുള്ള വിവരം താഴെ ചേർക്കുന്നു.

വർഷം	സ്ഥാപനങ്ങളുടെ എണ്ണം	തുക
2014-15	247	1,24,300
2015-16	248	1,01,354
2016-17	323	99,700

സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും ആനുപാതികമായി ലൈസൻസ് ഫീസിനത്തിൽ വർദ്ധനവ് ഇല്ലാതിരുന്നതിന്റെ കാരണം പരിശോധിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതുമാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മുൻകൂറുകൾ ക്രമീകരിക്കൽ- കുടിശ്ശിക തീർപ്പാക്കണം

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ "മറ്റുള്ളവ" എന്ന ഹെഡിൽ നൽകിയ മുൻകൂർ തുക, 11,715/ രൂപാ ക്രമീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.2/13.07.17) ലഭ്യമാക്കിയ മറുപടി പ്രകാരം, ആയത് നടപ്പ് സാമ്പത്തികവർഷത്തിൽ ക്രമീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശികയായ മുൻകൂറുകൾ താമസം വിനാ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-2 വാഹനത്തിന്റെ ഇന്ധന വിനിയോഗം സംബന്ധിച്ച ലോഗ്ബുക്കിലെ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-8/D-7234 ബൊലെറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2016 ഡിസംബർ മാസത്തിലെ സംക്ഷിപ്ത പ്രകാരം ടി മാസത്തിൽ വാഹനം ഓടിയ ദൂരം 1379 കിലോമീറ്ററും, ഡീസൽ അടിച്ചിരിക്കുന്നത് 175 ലിറ്ററുമാണ് (ലോഗ് ബുക്ക് പേജ് നം. 207). മാസത്തിന്റെ ആരംഭത്തിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പായ 51 ലിറ്ററും ചേർത്ത് ആകെ 226 ലിറ്റർ ഡീസൽ. ആകെ ഓടിയ 1379 കിലോമീറ്ററിന് വേണ്ട ഡീസൽ 120 ലിറ്ററാണ് (ഇന്ധന ക്ഷമതാ സാക്ഷ്യപത്രപ്രകാരം 11.5/കി.മീ). മാസാവസാനം നീക്കിയിരിപ്പായി ഉണ്ടാവേണ്ടത് 226-120=106 ലിറ്റർ ആണ്. എന്നാൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് 68 ലിറ്റർ മാത്രമാണ്.

2) 2016 നവംബർ മാസത്തെ സംക്ഷിപ്ത പ്രകാരം 30.11.16 ന് നീക്കിയിരിപ്പായി 51 ലിറ്റർ ഡീസലും പൂർത്തിയാക്കിയ ദൂരം 17140 കിലോമീറ്ററുമാണ്. 02.12.16 ന് വീണ്ടും 40 ലിറ്റർ ഡീസൽ നിറച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 30.11.16 മുതൽ 02.12.16 വരെ ഓടിയ ദൂരം 24 കിലോമീറ്ററാണ്, ആയതിന് വേണ്ടുന്നത് പരമാവധി 2 ലിറ്റർ ഡീസൽ മാത്രമാണ്. അതുപ്രകാരം 02.12.16 ന് 90 ലിറ്റർ ഡീസൽ നീക്കിയിരിപ്പുണ്ടാവേണ്ടതാണ്.

വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ ശേഷി പരമാവധി 60ലിറ്റർ മാത്രമായിരിക്കെ 90 ലിറ്ററും 106 ലിറ്ററും നീക്കിയിരിപ്പ് കാണുന്നത് യുക്തിസഹമല്ല. 30.06.2007 ലെ G.O (M.S) 170/07 ത.സ്വ.ഭ.വ പ്രകാരം വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കണമെന്ന ചട്ടം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതും കണക്കുകളിലെ പൊരുത്തമില്ലായ്മയും ലോഗ്ബുക്ക് സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

3-3 പൊതുടാപ്പുകളുടെ എണ്ണത്തിൽ ആവശ്യകതാ പുനർനിർണയം നടത്തണം

13/7/2016-ാം തിയതി വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധന പ്രകാരം നിലവിലുള്ള 203 തെരുവ് ടാപ്പുകൾക്കായി സാമ്പത്തികവർഷം 1065756/- രൂപ ചെലവഴിച്ചതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ജലനിധി പദ്ധതി പ്രകാരമുള്ള ജലവിതരണം ആരംഭിച്ചിട്ടുള്ളതിനാൽ ടി പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന പ്രദേശങ്ങളിൽ നിലവിലുള്ള തെരുവ് ടാപ്പുകളുടെ ആവശ്യകതയിൽ പുനർനിർണയം നടത്തി എണ്ണത്തിൽ കുറവ് വരുത്തുന്നതിനും,അതുവഴി തനത്ഫണ്ടിൽ നിന്നും ഈയിനത്തിൽ വരുന്ന

ചെലവിനത്തിൽ കുറവ് വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3-4 ജൂബിലി മന്ദിരം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ലൈബ്രറി, ബഡ്സ് സ്കൂൾ, പരിശീലനകേന്ദ്രം എന്നിവ ആരംഭിയ്ക്കണമെന്ന ഉദ്ദേശലക്ഷ്യങ്ങളോടെ, എം.എൽ.എ. ഫണ്ട്,എം.പി.ഫണ്ട്,ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തി 46.5 ലക്ഷം രൂപാ ചെലവിൽ 17/2/16 ന് പണി പൂർത്തിയാക്കിയിരിയ്ക്കുന്ന ജൂബിലി മന്ദിരം നാളിതുവരെയായി പ്രവർത്തനം ആരംഭിയ്ക്കാതെ അടച്ചിട്ടിരിയ്ക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. 2016-17 വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ S0021/17,"ട്രെയിനിംഗ് പരിശീലനകേന്ദ്രത്തിനാവശ്യമായ സൗകര്യമൊരുക്കൽ" പ്രകാരം, എൽ.സി.ഡി പ്രൊജക്ടർ, ലാപ്പ്ടോപ്പ്, എന്നിവ വാങ്ങുന്നതിനായി 991,03/ രൂപാ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനം പ്രവർത്തനം തുടങ്ങാത്ത സാഹചര്യത്തിൽ, ഇത്തരം ഉപകരണങ്ങൾക്ക് ലഭ്യമാകുന്ന വാറണ്ടിയും മറ്റും നഷ്ടമാകുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടം വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിയ്ക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3-5 എസ്.എസ്.എ.അധികവിഹിതം നൽകിയ തുക ക്രമീകരിയ്ക്കേണ്ടതാണ്

പ്രൊജക്ട് നം. 97/16, തുക 10,18,734/-

ബിൽ നം. 1/16-17, തീയതി 11/11/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ഗവണ്മെന്റ് യു.പി.സ്കൂൾ

നടത്തറ ഗവ: യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണോദ്യഗസ്ഥയായ, എസ്.എസ്.എ.അധികവിഹിതം നൽകൽ എന്ന പ്രോജക്ടിൽ, പഞ്ചായത്ത് വിഹിതമായി നൽകിയിരിയ്ക്കുന്നത് 10,18,734/ രൂപയാണ്. എന്നാൽ എസ്.എസ്.എ. ജില്ലാ കാര്യാലയത്തിലെ, 24/6/2017 ലെ വിനിയോഗസാക്ഷ്യപത്രപ്രകാരം 2016-17 ലെ ചെലവ് 16,74,773/ രൂപാ മാത്രമാണ്. മൊത്തം ചെലവിന്റെ 40% മാത്രമായ 6,69,909/ രൂപയാണ് തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതമായി നൽകേണ്ടത്. അധികം നൽകിയ3,48,825/ രൂപാ വരും വർഷങ്ങളിൽ ക്രമീകരിയ്ക്കേണ്ടതാണ്.

3-6 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 150000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം. 232/16, തുക – 8,25,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
ട്രഷറി ബിൽ നം. 03/16-17 തീ.21.02.17

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ, ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ (SC) എന്ന പ്രോജക്ടിൽ അസിസ്റ്റന്റ് സെക്രട്ടറി, 8,25,000/- രൂപാ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 5/7/17 ലെ ബി-1202/2017 നമ്പർ വിനിയോഗസാക്ഷ്യപത്രം പ്രകാരം 6,75,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

3-7 ഇ-ടെണ്ടർ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 14 പ്രൊജക്ടുകൾ ഇ-ടെണ്ടർ നടത്തുകയുണ്ടായി. ഇ-ടെണ്ടർ നടപടികളിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട 37,560/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-8 സഹകരണബാങ്കുകളിലൂടെയുള്ള വളം വാങ്ങൽ പദ്ധതി- വില, സബ്സിഡി നിരക്ക് എന്നിവയ്ക്ക് ഏകീകൃതസ്വഭാവമില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

വാഴകൃഷി വികസന പദ്ധതി (പ്രൊ നം. S0093/17), നെൽകൃഷി വികസനപദ്ധതി (പ്രൊ. നം. S0098/17) എന്നീ പദ്ധതികളിൽ നടത്തറ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക്, ഒല്ലൂക്കര റീജിയണൽ കേര കർഷക കോ- ഓപ്പറേറ്റിവ് സൊസൈറ്റി, മൂർക്കനിക്കര സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് എന്നിവ മുഖേന കർഷകർക്ക് വളം വിതരണം ചെയ്യുകയും സബ്സിഡി മേൽസ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ സ്ഥാപനത്തിലേയും വളത്തിന്റെ വില, അനുവദിച്ച സബ്സിഡിയുടെ നിരക്ക് എന്നിവയിൽ ഒരു ഏകീകൃത സ്വഭാവം കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതി : വാഴകൃഷി വികസന പദ്ധതി

ട്രഷറി ബിൽ : KVP/01/16-17 തി. 04.01.17

തുക : 1,62,650/-

സഹകരണ സ്ഥാപനം : നടത്തറ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

വളം			വളത്തിന്റെ ആകെ വില	സബ്സിഡി നൽകിയ തുക	സബ്സിഡി ശതമാനം
ഫാക്ടം ഫോസ്	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	കുമ്മായം			
5941	4943	5195	221575	99350	44.83

ഓരോ ഇനം വളത്തിന്റേയും വില പ്രത്യേകം പദ്ധതിയുടെ ഫയലിൽ ലഭ്യമല്ല. എന്നാൽ നെൽകൃഷി വികസനപദ്ധതിക്കായി ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഫാക്ടംഫോസ്, MOP എന്നിവയുടെ വില കിലോഗ്രാമിന് യഥാക്രമം 18, 11 രൂപയാണ് (ബിൽ നം. 2847/16.12.16) . ആയതിനെ അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ 11.93 രൂപയാണ് കുമ്മായത്തിന്റെ വില.

സഹകരണ സ്ഥാപനം : ഒല്ലൂക്കര റീജിയണൽ കേര കർഷക കോ-ഓപ്പറേറ്റീവ് സൊസൈറ്റി

വളം			വളത്തിന്റെ ആകെ വില	സബ്സിഡി നൽകിയ തുക	സബ്സിഡി ശതമാനം
ഫാക്ടം ഫോസ്	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	കുമ്മായം			
3737	3103	3317	160241	63300	39.50

മേൽ സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയ്സ് പ്രകാരം ഫാക്ടംഫോസ്, MOP, കുമ്മായം എന്നിവയുടെ വില കിലോഗ്രാമിന് 19, 17, 11 രൂപയാണ്.

മേൽ പട്ടികകൾ പ്രകാരം രണ്ട് സ്ഥാപനങ്ങളിലെയും വളത്തിന്റെ വിലകൾ തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസമുണ്ട്.

സ്ഥാപനം	വളം (വില)			വില വ്യത്യാസം		
	ഫാക്ടം ഫോസ്	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	കുമ്മായം	ഫാക്ടം ഫോസ്	എം.ഒ.പി	കുമ്മായം
ഒല്ലൂക്കര റീജിയണൽ കേര കർഷക കോ-ഓപ്പറേറ്റീവ് സൊസൈറ്റി	19	17	11	1	6	.93
നടത്തറ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	18	11	11.93			

പദ്ധതി : നെൽകൃഷി വികസന പദ്ധതി

ട്രഷറി ബിൽ : KVP/08/16-17 തി. 31.01.17

തുക : 1,53,750/-

സഹകരണ സ്ഥാപനം : ഒല്ലൂക്കര റീജിയണൽ കേര കർഷക കോ-ഓപ്പറേറ്റീവ് സൊസൈറ്റി

വളം കൈപ്പറ്റിയ പാടശേഖരസമിതി	വളം			വളത്തിന്റെ ആകെ വില/ ബിൽ തുക, ബിൽ വിവരങ്ങൾ	സബ്സിഡി നൽകിയ തുക	സബ്സിഡി ശതമാനം
	ഫാക്ടംഫോസ്	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	കുമ്മായം			
കൊഴക്കുള്ളി	2948kg @19/- per kg	1179 kg @ 11/- per kg	884 kg @ 6/- per kg	74285/-, 25682 dt. 12.01.17	35370	47.61

എരവിമംഗലം പടിഞ്ഞാറെപാടം	2013kg @19/- per kg	805 kg @ 21/- per kg	604 kg @ 6/- per kg	58776/-, 25684 dt. 12.01.17	24150	41.08
എരവിമംഗലം പാടം	798 kg @19/- per kg	319 kg @ 21/- per kg	240 kg @ 6/- per kg	22821/-, 25685 dt. 12.01.17	9570	41.93

സഹകരണ സ്ഥാപനം : മൂർക്കനിക്കര സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക്

വളം കൈപ്പറ്റിയ പാടശേഖരസമിതി	വളം			വളത്തിന്റെ ആകെ വില / ബിൽ തുക, ബിൽ വിവരങ്ങൾ	സബ്സിഡി നൽകിയ തുക	സബ്സിഡി ശതമാനം
	ഫാക്ടം ഫോസ്	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	കുമ്മായം			
മൂർക്കനിക്കര പാടശേഖരസമിതി	3140	1256	942	80384/-, 1300 dt. 15.12.16	37860/-	49.87
കുട്ടാല പാടശേഖരസമിതി	1330	532	399	34048/- 1301 dt. 15.12.16	15960/-	46.88

കുറിപ്പ്: വളത്തിന്റെ ഇനം തിരിച്ചുള്ള വില ലഭ്യമല്ല

സഹകരണ സ്ഥാപനം : നടത്തറ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക്

വളം കൈപ്പറ്റിയ പാടശേഖരസമിതി	വളം			വളത്തിന്റെ ആകെ വില / ബിൽ തുക, ബിൽ വിവരങ്ങൾ	സബ്സിഡി നൽകിയ തുക	സബ്സിഡി ശതമാനം
	ഫാക്ടം ഫോസ്	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	കുമ്മായം			
ഞാറക്കര പാടശേഖരസമിതി	1270	508	381	30734/-, 2847 dt. 16.12.16	15240	49.59
മുളയം പാടശേഖരസമിതി	1315	526	395	31826/-, 2848 dt. 16.12.16	15780	49.58

ഒരേയിനം വളത്തിന് ഒരേ വില ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് മാത്രമല്ല, സ്ഥാപനങ്ങൾക്ക് വെവ്വേറെ നിരക്കിലുള്ള സബ്സിഡി നൽകിയതായും കാണുന്നു. പദ്ധതി ആസൂത്രണ/രൂപീകരണഘട്ടങ്ങളിൽ തന്നെ സഹകരണസ്ഥാപനങ്ങളുമായി ചർച്ച നടത്തി (പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം. 04/2016/തസ്വഭവ തി. 11.01.16, ഖണ്ഡിക 6.7 ൽ നിർദ്ദേശിച്ചുപ്രകാരം) കർഷകർക്ക് ഒരേയിനം വളത്തിന് ഒരേ വില ഉറപ്പാക്കുന്നതിനും, ഒരു വർഷം നൽകുന്ന സബ്സിഡി ഏകീകൃതനിരക്കിലുള്ളതാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 51 ന് വിധേയമായി പദ്ധതി നടപ്പാക്കുന്നതിന് മുൻപ് സഹകരണസ്ഥാപനങ്ങളുമായി കരാർ വക്കേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-9 നാമമാത്ര കർഷകന്റെ ഗണത്തിൽ പെടാത്ത വ്യക്തിക്കും വളം സബ്സിഡി അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

പദ്ധതി : നെൽകൃഷി വികസന പദ്ധതി

ട്രഷറി ബിൽ : KVP/08/16-17 തി. 31.01.17

തുക : 1,53,750/-

സഹകരണ സ്ഥാപനം : ഒല്ലൂക്കര റീജിയണൽ കേര കർഷക കോ-ഓപ്പറേറ്റിവ് സൊസൈറ്റി

കുട്ടാല പാടശേഖരസമിതിയിലൂടെ വളം നൽകിയ ശ്രീ.ഷാജു.പി.പി എന്ന കർഷകന് 5 ഏക്കർ ഭൂമിയുള്ളതായി പാടശേഖരസമിതി നൽകിയ പത്രികയിൽ പറയുന്നുണ്ട്. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി / സബ്സിഡി മാർഗ്ഗരേഖ [ജി.ഒ (എം.എസ്) നം. 04/2016/ തസ്വഭവ തി. 11.01.16] പ്രകാരം ഒരു ഹെക്ടർ വരെ ഭൂമിയുള്ള കർഷകർക്കും പാട്ടകൃഷിക്കാർക്കും മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത്. നാമമാത്രകർഷകരുടെ ഗണത്തിൽ പെടാത്ത കർഷകനായ ശ്രീ.ഷാജു.പി.പി.ക്ക് വളം സബ്സിഡിയായി 6,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.5/13.07.17) തൃപ്തികരമായ മറുപടി നൽകിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം മേൽ കർഷകന് സബ്സിഡി അനുവദനീയമല്ലാത്തതിനാൽ 6,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-10 പട്ടികവർഗ്ഗക്കാർക്ക് ആയുർവേദ മെഡിക്കൽ ക്യാമ്പ് പദ്ധതി- ക്യാമ്പ് നടത്താതെ മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചു

2016-17 വർഷത്തെ S0151/17 നമ്പരിലുള്ള പട്ടികവർഗ്ഗക്കാർക്ക് ആയുർവേദ മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതിക്ക് 30,000/- രൂപ ടി.എസ്.പി ഫണ്ട് വകയിരുത്തി ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ : 2/16-17 തി. 18.11.16, ഡിഡി നമ്പർ : 952258 dt 21.11.2016). 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി / സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 04/2016/തസ്വഭവ തി. 11.01.2016, അനുബന്ധം 15, ഖണ്ഡിക 7.7 പ്രകാരം വിദൂരപ്രദേശങ്ങളിലെ പട്ടികവർഗ്ഗസങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നതാണ്. എന്നാൽ, ഔഷധിയിൽ നിന്നും 30,000/- രൂപക്കുള്ള മരുന്ന് വാങ്ങിയതുമാത്രമാണ് ഈ പദ്ധതിയിൽ നടന്ന പ്രവൃത്തി. ക്യാമ്പ് നടത്തിയതായി കാണുന്നില്ല. കൂടാതെ, മരുന്ന് വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നൽകിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം (നം. എ6-9035/2016 dt. 06.09.16) ടി പദ്ധതിക്കായി 9731/- രൂപയുടെ മരുന്നുകൾ അനുവദനീയമാണെന്ന് അറിയിച്ചിട്ടുണ്ട്. 30,000/- രൂപ അടങ്കലുള്ള മേൽ പ്രൊജക്ടിൽ 9731/- രൂപക്കുള്ള മരുന്നുകൾ വകുപ്പിൽ നിന്നും ലഭ്യമാണെന്നിരിക്കെ, 30,000/- രൂപക്ക് തന്നെ മരുന്നുകൾ വാങ്ങിയതും അനുവദനീയമല്ല. ആയതിനാൽ, 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-11 മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ആരോഗ്യസർവ്വെ നടത്തുന്നതിനായി തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പദ്ധതി : രോഗപ്രതിരോധപ്രവർത്തനങ്ങൾ

പദ്ധതി നമ്പർ : S0090/17

വകയിരുത്തിയ തുക : 69000/-

ചെലവഴിച്ച തുക : 69000/-

ഫണ്ട് : വികസനഫണ്ട് (പൊതു)

മേൽ വിവരിച്ച പദ്ധതിയിൽ ആരോഗ്യസർവ്വെ നടത്തിയതിന് ആശ വർക്കർമാർക്ക് ഇൻസന്റീവ് നൽകുന്നതിനായി 35900/- രൂപ ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ : 17/16-17 dt 30.03.17). ഈ തുക പദ്ധതി ഫയലിൽ കാണുന്ന പത്രിക പ്രകാരം 17 ആശാ വർക്കർമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി/ സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) നം. 04/2016/തസ്വഭവ തി. 11.01.2016പ്രകാരം സർവ്വേകൾ, വിവരശേഖരണങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ എന്നിവരിലൂടെ എൻ.എച്ച്.എം പരിപാടികൾ, വാർഡ് തല ആരോഗ്യ- ശുചിത്വ-പോഷണ സമിതികൾ എന്നിവക്ക് ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗപ്പെടുത്തി ചെയ്യേണ്ടതാണ്. സമഗ്ര ആരോഗ്യ പരിപാടി എന്ന പേരിൽ നടത്തിയ സർവെയിൽ ആകെ ശേഖരിച്ച വിവരങ്ങൾ കുടുംബാംഗങ്ങളുടെ പേര്, വയസ്സ്, ആൺ / പെൺ, വിവാഹിത (ൻ) / അവിവാഹിത(ൻ), വിദ്യാഭ്യാസം, തൊഴിൽ എന്നിവ മാത്രമാണ്. ആരോഗ്യസംബന്ധമായ യാതൊരു വിശദാംശങ്ങളും സർവെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. മാർഗ്ഗരേഖാ വിരുദ്ധമായി ചെലവഴിച്ച 35,900/- രൂപ തടസ്സപ്പെടുത്തുന്നു.

3-12 ബഡ്സ് സ്കൂൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തിന് ബഡ്സ് സ്കൂളിന് ഫർണ്ണിച്ചർ വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക തിരികെ നൽകേണ്ടതാണ്

2016-17 വർഷം ഗ്രാമപഞ്ചായത്തിന് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ബഡ്സ് സ്കൂളിന് ഫർണ്ണിച്ചർ വാങ്ങുന്നതിനായി 2,50,000/- രൂപ ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ സബ്ട്രഷറി എസ്.ടി.എസ്.ബി അക്കൗണ്ട് നമ്പർ 0762 ൽ 06.03.17 ന് ക്രെഡിറ്റ് ചെയ്യപ്പെട്ട ടി തുക ഗ്രാമപഞ്ചായത്ത് 11605900085 / 26.03.17 രസീത് പ്രകാരം വരവ് വെച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച ഒരു പ്രൊജക്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ടി തുക എങ്ങിനെ ബ്ലോക്ക് പഞ്ചായത്ത് കൈമാറി എന്നത് വ്യക്തമല്ല. നിലവിലില്ലാത്ത പ്രൊജക്ടിനായി ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	10,00,000	ശ്മശാനം വിപുലീകരണം 120/17	0	10,00,000
	5,00,000	ശ്മശാനം വിപുലീകരണം 120/17	5,00,000	0
	1,75,000	ക്ഷീര സഹകരണസംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി, 118/16-17	1,75,000	0
	2,00,000	സാന്ത്വന പരിചരണം, 92/16-17	1,26,604	73,396
	1,05,000	ശാശീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 133/16-17	1,05,000	0
	2,50,000	ബഡ്സ് സ്കൂൾ ഫർണീച്ചർ	0	2,50,000
ജില്ലാ പഞ്ചായത്ത്	4,00,000	മണലിപ്പുഴ ക്ലീനിംഗ്, 234/16-17	0	4,00,000
	70,000	ശാശീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 133/16-17	70,000	0

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് നമ്പർ	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
കെ.എസ്.ഇ.ബി	സ്ട്രീറ്റ് മെയിൻ വലിക്കൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	766054/07.09.16	6004	6004	പൂർത്തീകരിച്ചു	0
കെ.ഡബ്ല്യു.എ	സ്ട്രീറ്റ് വാട്ടർടാപ്പ് ഡിസ്കണക്ഷൻ	21601167/09.03.17	28,000	0	പൂർത്തീകരിച്ചിട്ടില്ല	28,000
പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ	അംഗൻവാടി ഇലക്ട്രിഫിക്കേഷൻ	1963825/25.03.17	65375	0	പൂർത്തീകരിച്ചിട്ടില്ല	65,375
	കോളനി.ടി.വി.നിലയം ഇലക്ട്രിഫിക്കേഷൻ	1963826/25.03.17	20125	0	പൂർത്തീകരിച്ചിട്ടില്ല	20125

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 .(i)വായ്പ/വായ്പതിരിച്ചടവ്

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ

കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ഇ.എം.എസ് ഭവനപദ്ധതി	4016313	1200000	2816313

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3,594/- രൂപ ഈടാക്കിയിട്ടുണ്ട്.
ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	തുക	തുക അടവാക്കിയതിന്റെ വിവരങ്ങൾ
1	2007-08	3-12	580	രസീത് നം.11603100282 തീയതി 16.4.16
2	2007-08	3-15	1389	രസീത് നം.11603101124 തീയതി 8.6.16
3	2008-09	3-7	890	രസീത് നം.11603101873 തീയതി 22.7.16
4	2015-16	2-5	735	രസീത് നം.11603107692 തീയതി 15.3.17
	ആകെ		3594/-	

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം, ഖണ്ഡിക നം	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം	വിഷയം	നിലവിലെ അവസ്ഥ
1999-2000, 12	2003-04, 3.8(1)	പൈപ്പിന് അധിക നിരക്ക് നൽകിയത്	നിയമസഭാ സമിതി മുമ്പാകെ മറുപടി സമർപ്പിച്ചു
1999-2000 to 2001-02, 13	2003-04, 3.8(2)	റോഡ് പണിക്ക് മണ്ണിറക്കുന്നതിന് അധിക നിരക്ക് നൽകിയത്	
1999-2000 to 2001-02, 15	2003-04, 3.8(3)	വിൽപ്പന നികുതി കറവായി അടച്ചത്	

4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	8,25,72,454
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	7,42,64,415
വരവിനങ്ങളിലുള്ള നഷ്ടം	8,940

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2,21,900

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ചാർജ്/ സർചാർജ്ജ്	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-5	8,940	ജ്യോതിഷ് കുമാർ.കെ.വി, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും
3-6	150000	വത്സല പി, അസി. സെക്രട്ടറി
3-9	6000	മഞ്ജുഷ, കൃഷി ഓഫീസർ
3-10	30000	ഡോ.എൻ.കെ.രേണു, മെഡിക്കൽ ഓഫീസർ, ആയുർവേദം
3-11	35900	ഡോ.അഭിലാഷ് അരവിന്ദൻ, മെഡിക്കൽ ഓഫീസർ, PHC
ആകെ	221900	

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ജ്യോതിഷ് കുമാർ.കെ.വി, സെക്രട്ടറി	കുടുംബശ്രീമിഷൻ തൃശ്ശൂർ ജില്ലാ കോർഡിനേറ്റർ	കിഴക്കൂടൻ ഹൗസ്, പൂക്കോട്, വരാക്കര, തൃശ്ശൂർ -680302

4-9തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1981-82	എൽ .എഫ്. ടി.എസ്2-825/11 തീയതി 28.10.11/6.12.11
82-83	എൽ .എഫ്. ടി.എസ്2- 825/11 തീയതി28.10.11/6.12.11
84-85	എൽ .എഫ്. ടി.എസ്2- 825/11 തീയതി 28.10.11/6.12.11
86-87,87-88	എൽ .എഫ്. ടി.എസ്2-825/11 തീയതി 28.10.11/6.12.11
88-89,89-90, 91-92	എൽ .എഫ്. ടി.എസ്2-825/11 തീയതി 28.10.11/6.12.11
91-92	എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11
92-93,93-94	എൽ .എഫ്. ടി.എസ്2-825/11 തീയതി 28.10.11/6.12.11
94-95	എൽ .എഫ്. ടി.എസ്2- 825/11 തീയതി 28.10.11/6.12.11
95-96	എൽ .എഫ്. ടി.എസ്2- 825/11 തീയതി 28.10.11/6.12.11

96-97 (ചെലവ്)	എൽ .എഫ്. ടി.11-893/99 തീയതി 19.4.99
96-97 (ഫൈനൽ)	എൽ .എഫ്. ടി.11-154/06 തീയതി 31.5.06
97-98 ചെലവ്	എൽ .എഫ്. ടി.893/99 തീയതി 19.4.99
97-98 ഫൈനൽ	എൽ .എഫ്. ടി.11-155/ 06തീയതി31.5.06
98-99 ചെലവ്	എൽ .എഫ്. ടി11-662/00 തീയതി 1.9.00
98-99 ഫൈനൽ	എൽ .എഫ്. ടി.11- 1526/00 തീയതി18.10.06
99-00,00-01, 01-02പദ്ധതി ചെലവ്	എൽ .എഫ്. ടി.11- 1069/03 തീയതി 26.9.03
99-00 ഫൈനൽ	എൽ .എഫ്. ടി.11- 1527/06 തീയതി 20.10.06
00-01	എൽ .എഫ്. ടി11-1683 തീയതി 4.10.08
01-02	എൽ .എഫ്. ടി.11- 2361/07. തീയതി 4.10.08
02-03	എൽ .എഫ്. ടി.11- 2370/07,തീയതി 4.10.08
03-04	എൽ .എഫ്. ടി.11- 1364/08 തീയതി3.8.09
04-05	എൽ .എഫ്. ടി11- 1365/08 തീയതി 3.8.09
05-06	എൽ .എഫ്. ടി11- 1620/09 തീയതി 8.8.10
06-07	എൽ .എഫ്. ടി.11- 1621/09 തീയതി 18.8.10/31.1.11
07-08	എൽ .എഫ്. ടി(പി5) 370/11 തീയതി 11.3.11
08-09	എൽ .എഫ്. ടി(പി5) 371/11 തീയതി15.3.11
09-10	എൽ.എഫ്. ടി(പി5) 372/11 തീയതി15.3.11
10-11	എൽ .എഫ്. ടി(പി4) 710/12 തീയതി18.9.12/2.3.13
11-12	എൽ .എഫ്. ടി(പി8) 1568/13തീയതി14.3.14/ 12.5.14
12-13	എൽ. എഫ് .ടി.പി (പി8)379/ 14/12.1.15
13-14	കെ.എസ്.എ.ടി.എസ്.ആർ (പി8)560/15/20.8.15/ 12.10.15
14-15	കെ.എസ്.എ.ടി.എസ്.ആർ (പി8)1209/16/23.7.16
15-16	കെ.എസ്.എ.ടി.എസ്.ആർ (പി8) 2150/2016/16.12.16

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1194/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
തിയ്യതി 31.07.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P8)1194/2017

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
Dated 31.07.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Nadathara Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules

made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nadathara Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur